**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 169

23.01.2018 ൽ
മറുപടിയ്ക്ക്

# പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസന നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഒ. ആർ. കേളു | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാനം നിലനിർത്തുന്നതിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസനത്തിനും സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് വകുപ്പിലെ എല്ലാ സ്റ്റേഷനുകളും സബ് ഡിവിഷൻ ഓഫീസുകളും കംപ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ജില്ലാ പോലീസ് ഓഫീസുകളിലേയ്ക്കും എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും സബ് ഡിവിഷൻ ഓഫീസുകളിലേയ്ക്കും കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയവ അനുവദിച്ചു നൽകിയിട്ടുമുണ്ട്.<br><br>കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി രേഖപ്പെടുത്തുന്നതിനും സിസിടിഎൻഎസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>പൊതുജനങ്ങളുടെ പരാതികൾ ഐ.ആപ്പ് വഴി രജിസ്റ്റർ ചെയ്യാവുന്നതും അവർക്ക് നിജസ്ഥിതി അറിയുന്നതിന് കിയോസ്കുകൾ വഴി സാധിക്കുന്നതുമാണ്. എഫ്.ഐ.ആറുകൾ പൊതുജനങ്ങൾക്ക് കേരള പോലീസിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളിൽ നേരിട്ട് വരാതെ പെറ്റീഷനുകൾ ഇ-മെയിൽ മുഖാന്തിരം അയയ്ക്കാവുന്നതാണ്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ട്. |

പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസർ, വനിതാ ഹെൽപ് ഡസ്ക്, എന്നീ പദ്ധതികളുടെ പ്രവർത്തന ഫലമായി മെച്ചപ്പെട്ട സേവനം നൽകി വരുന്നുണ്ട് . ജില്ലാതലങ്ങളിൽ സൈബർ സെൽ പ്രവർത്തിക്കുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ എസ് എച്ച് ഒ ആയി പോലീസ് ഇൻസ്പെക്ടറെ നിയമിച്ച് ക്രമസമാധാനവും ക്രൈം കേസ് അന്വേഷണവും രണ്ടായി തിരിച്ച് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് 255 ലക്ഷം രൂപ ജില്ലാ പോലീസ് മേധാവിമാർക്ക് ഫർണിച്ചർ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.
ഭിന്നശേഷിക്കാർക്കായി റാംപുകൾ, ടോയിലെറ്റ് എന്നിവ നിർമ്മിക്കുന്ന-തിനായി 500 ലക്ഷം രൂപ 19 ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. റിസപ്ഷൻ, റസ്റ്റ് റൂം, വുമൺ ആന്റ് ചൈൽഡ് ഫ്രണ്ട് ലി റൂം, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപ 19 ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള Body worn cameras, CCTV Cameras, Speed Radar, ,Speed Detection Cameras, Unmanned Aerial vehicles തുടങ്ങിയവ കുറ്റാന്വേഷണത്തിന്റെ ഭാഗമായും ക്രമസമാധാനം നിലനിർത്തുന്നതിലേയ്ക്കുമായി വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് പരാതികൾ നൽകുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ സൗകര്യമൊരുക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(ബി) പൊതുജനങ്ങൾക്ക് ഇപ്പോൾ പോലീസ് സ്റ്റേഷനിൽ നേരിട്ട് വരാതെ തന്നെ പെറ്റീഷനുകൾ ഇ-മെയിൽ മുഖാന്തിരം അയയ്ക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ